TB Movie Panel Weekly Review

**#moviepanel**

പുരുഷ പ്രേതം

എഴുതിയത് : ജിതേഷ് മംഗലത്ത്

'ആവാസവ്യൂഹ'ത്തിലൂടെ പ്രശസ്തനായ കൃഷ്ണാന്തിന്റെ മൂന്നാമത്തെ സംവിധാനസംരംഭമായ പുരുഷപ്രേതം ഡാർക്ക് ഹ്യൂമറിന്റെ അകമ്പടിയോടെ പറഞ്ഞുപോകുന്ന ഒരു പൊലീസ് പ്രൊസീജിയറൽ സ്റ്റോറിയാണ്.അതിനുമപ്പുറം അത് പൊതുസമൂഹത്തിൽ പൊതുവെയും,പൊലീസുകാർക്കിടയിൽ പ്രത്യേകിച്ചുമുള്ള തരംതിരിവുകളെയുംPan അഭിസംബോധന ചെയ്യുന്നുണ്ട്.

കൊച്ചിയുടെ പ്രാന്തപ്രദേശങ്ങളിലൊരു ആറ്റിൽ നിന്നും ലഭിക്കുന്ന അഴുകിത്തുടങ്ങിയ ഒരജ്ഞാതശവശരീരമാണ് സത്യത്തിൽ പുരുഷപ്രേതത്തിലെ ടൈറ്റിൽ കഥാപാത്രം.തങ്ങളുടെ കരിയറിൽ സ്ഥിരം കാണാറുള്ള മറ്റനേകം 'തിരിച്ചറിയപ്പെടാത്ത ജഡ'ങ്ങളിലൊന്നായി ഇതും അവസാനിക്കും എന്നു കരുതിയ പൊലീസുകാർക്കു പുറകെ 'ഉയിർത്തെണിക്കുക'യാണ് അത്.ടൈറ്റിൽ കേട്ട് ഒരു ഹൊററർ ചിത്രമാണെന്ന് തെറ്റിദ്ധരിച്ചേക്കാമെങ്കിലും ശവശരീരത്തിന്റെ മറ്റൊരു വാക്കായിട്ടാണ് പ്രേതത്തെ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

പുരുഷപ്രേതത്തിന്റെ കഥയേക്കാളും ചർച്ച ചെയ്യപ്പെടേണ്ടത് അത് പിന്തുടരുന്ന ആഖ്യാനശൈലിയാണെന്നു തോന്നുന്നു.ഒട്ടും സങ്കീർണ്ണമായിത്തോന്നാത്ത രീതിയിൽ ഒന്നിലധികം ജോണറുകളെ അത് വിദഗ്ദ്ധമായി ബ്ലെൻഡ് ചെയ്യുന്നുണ്ട്.അതിൽത്തന്നെ ഹ്യൂമറും,ഇൻവെസ്റ്റിഗേഷനും സറ്റയറിന്റെ പശ്ചാത്തലത്തിൽ സംയോജിപ്പിക്കുക എന്ന ബുദ്ധിമേട്ടറിയ ജോലിയിൽ കൃഷ്ണാന്ത് പ്രശംസാർഹമാം വിധം വിജയിച്ചിട്ടുണ്ട്.രണ്ടാം പകുതിയിൽ നരേറ്റീവ് നിയോ-നോയർ ഇൻവെസ്റ്റിഗേഷൻ ഡ്രാമയുടെ ശൈലി സ്വീകരിക്കുന്നതാണ് സത്യത്തിൽ പുരുഷപ്രേതത്തിനെ ആസ്വാദ്യമാക്കുന്നത്.

പാർശ്വവത്കരിക്കപ്പെടുന്നതിന്റെ നിസ്സഹായതയാണ് പുരുഷപ്രേതത്തിന്റെ ആകെത്തുക.പുല്ലു തിന്നുന്ന പുൽച്ചാടിയെ തിന്നുന്ന തവളയെത്തിന്നുന്ന പാമ്പിനെപ്പോലെ അധികാരശൃംഖലയിൽ ഒരേ സമയം താന്താങ്ങളുടെ അധികാരം താഴേക്കിടയിലുള്ളവരോടുപയോഗിച്ചും,തങ്ങൾക്കു മുകളിലുള്ളവരുടെ അടിച്ചമർത്തലുകൾ അനുഭവിച്ചും വല്ലാത്തൊരു ജീവിതം നയിക്കുന്നവരാണ് ചിത്രത്തിലെ കഥാപാത്രങ്ങൾ മിക്കവരും.പ്രശാന്തവതരിപ്പിക്കുന്ന സൂപ്പർ സെബാസ്റ്റ്യൻ അതിന്റെ ക്ലാസിക്കൽ ഉദാഹരണവുമാണ്.തന്റെ അനുഭവങ്ങളെക്കുറിച്ച് നിറം പിടിപ്പിച്ച കഥകൾ മെനയുന്ന അയാൾ ഒരേ സമയം ഹീറോയും,കൊമേഡിയനും ആയി മാറുന്നുണ്ട്.ആദ്യപകുതിയിൽ സെബാസ്റ്റ്യന്റെ വ്യക്തിജീവിതത്തിനെയും,ഔദ്യോഗിക ജീവിതത്തെയും ഫോക്കസ് ചെയ്യുന്ന സിനിമ പുരുഷപ്രേതത്തെ അന്വേഷിച്ചെത്തുന്ന

സൂസന്റെ വരവോടെ ഇൻവെസ്റ്റിഗേറ്റീവ് നരേഷനിലേക്ക് മാറുന്നു.കഥാന്ത്യം അത്ര അപ്രതീക്ഷിതമാണെന്നൊന്നും പറഞ്ഞുകൂടെങ്കിലും ഹ്യൂമർ കലർന്ന ആഖ്യാനരീതി അതിനൊരു നവീനത്വം നൽകുന്നുണ്ടെന്ന് പറയാതെ വയ്യ.കണ്ടു പഴകിയ വിഷ്വൽ സിൻടാക്സുകളെ മറികടക്കാനുള്ള കൃഷ്ണാന്തിന്റെ ശ്രമങ്ങൾ വൃത്താകൃതിയുള്ള ചതുരത്തിലും,ആവാസവ്യൂഹത്തിലും നമ്മൾ കണ്ടതാണ്.അതിന്റെ കുറച്ചു കൂടി വാണിജ്യസ്പർശം കൈവരുന്ന ശ്രമമാണ് പുരുഷപ്രേതത്തിന്റേത്.റാപ്പ് മ്യൂസിക്കിന്റെ സമർത്ഥമായ പ്ലേസിംഗ് ഫ്രെയിമുകൾക്ക് നൽകുന്ന ഫ്രഷ്നസും നല്ലൊരനുഭവമായിരുന്നു.

കണ്ടു പരിചയിച്ച സിനിമാറ്റിക് നരേറ്റീവുകളിൽ നിന്നും മാറിയുള്ള നടത്തവും,വിവിധ പാറ്റേണുകളുടെ ബുദ്ധിപരമായ സങ്കലനവും,അഭിനേതാക്കളുടെ ടെറിഫിക്കായ പ്രകടനങ്ങൾ കൊണ്ടും പുരുഷപ്രേതം ഈ വർഷത്തെ ഏറ്റവും മികച്ച ചിത്രങ്ങളിലൊന്നായി മാറുന്നു.